**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** | **03-02-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഡിജിറ്റൽ റീസർവേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ റീസർവേ നടപടികൾ എന്നാണ് ആരംഭിച്ചതെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ; | (എ) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് 2022 നവംബർ 1- ന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 339.438 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ്ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. 14 ജില്ലകളിലായി നാല് ഘട്ടങ്ങളിലായി 839 വില്ലേജുകളുടെ സർവ്വെ നടപടികളാണ് നടന്നു വരുന്നത്. ആയതിൽ 238 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം അനുസരിച്ചിട്ടുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും 123 വില്ലേജുകളുടെ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 67.34 ലക്ഷം ലാന്റ് പാഴ്സലുകളിലായി 9.19 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവ്വെ ഡിജിറ്റലായി ഇതിനകം അളന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിജിറ്റൽ റീസർവേ പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക ചെലവിനത്തിൽ വേണ്ടി വരുമെന്നും വ്യക്തമാക്കാമോ; | (ബി) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് 2022 നവംബർ 1- ന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 339.438 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ്ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. 14 ജില്ലകളിലായി നാല് ഘട്ടങ്ങളിലായി 839 വില്ലേജുകളുടെ സർവ്വെ നടപടികളാണ് നടന്നു വരുന്നത്. ആയതിൽ 238 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം അനുസരിച്ചിട്ടുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും 123 വില്ലേജുകളുടെ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 67.34 ലക്ഷം ലാന്റ് പാഴ്സലുകളിലായി 9.19 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവ്വെ ഡിജിറ്റലായി ഇതിനകം അളന്നിട്ടുണ്ട്. |
| (സി) | സർവ്വേ സംബന്ധിച്ചുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഡിജിറ്റൽ റീസർവേ സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായും, പൊതുജന പങ്കാളിത്തം ഉറപ്പാക്കിയുമാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഡിജിറ്റൽ സർവെ ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ സർവെസഭ, സർവെ ജാഗ്രതാ സമിതി എന്നിവയിലൂടെ കൃത്യമായ ബോധവൽക്കരണം ഭൂവുടമസ്ഥർക്ക് നൽകിയും, സർവെ സമയത്ത് ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിന്റെ ആവശ്യം വിശദീകരിച്ച് നൽകിയുമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇപ്രകാരം സർവെ നടത്തുന്ന അവസരത്തിൽ തന്നെ ഭൂവുടമസ്ഥരെ സർവെ റെക്കോർഡുകൾ കാണിച്ചു ബോധ്യപ്പെടുത്തുകയും, സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവുടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്. കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ 9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റിക്കാർഡുകൾ എല്ലാ ഭൂവുടമസ്ഥരെ കൊണ്ടും പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി നടപടികളിലൂടെ ഡിജിറ്റൽ സർവെയിൽ ഭൂപരാതികൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ